ഉത്തരം

(എ ആന്റ് ബി) ഉണ്ട്. പി. എം. ജി. വൈ. ചിക്കണ്ട, കുട്ടൻചേരി വാട്ടർ സപ്ലൈ സ്കീം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്) എന്നിവ പുതുതായി ഏറ്റെടുത്ത കുടിവെള്ള പദ്ധതികളാണ്. കൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം 18 വർക്കുകൾ നടന്നുവരുന്നു. ഇതിനു പുറമെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴിയും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കടങ്ങോട് ശുദ്ധജലവിതരണം പദ്ധതിയിൽ ഒരു തടയണ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.

(ഡി) ഇല്ല.

വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

62 [2782] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) വിവിധ തസ്തികകളിലേക്ക് പി.എസ്.സി.-യിൽ നിന്നും എത്ര നിയമന ശുപാർശ ലഭിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) അതിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കോടതി വിധിയെത്തുടർന്ന് എത്ര പേർക്ക് നിയമനം നൽകി; വിവരം തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി ധവളപത്രം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(എഫ്) വാട്ടർ അതോറിറ്റിയുടെ എത്ര സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്;

(ജി) വാട്ടർ അതോറിറ്റി കൈമാറിയ സ്കീമുകൾ ഔദ്യോഗികമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത സ്കീമുകളിലെ ജീവനക്കാരെ എപ്രകാരം വിന്യസിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) എൽ.ഡി.സി. .. 35 എണ്ണം

എൽ.ഡി. ടൈപ്പിസ്റ്റ് .. 49 ,,

ഡ്യൂൺ .. 74 ,,

LIBRARY ARCHIVES Kerala Legislative Assembly

	വാച്ച്മാൻ	..	84 എണ്ണം
	അൺസ്കിൽഡ് വർക്കർ	..	165 ,,
	ലാസ്കർ	..	5 ,,
	ഡ്രൈവർ	..	4 ,,
	മീറ്റർ റീഡർ	..	6 ,,
	സർവ്വേയർ	..	3 ,,
	അസിസ്റ്റന്റ് എൻജീനിയർ	..	205 ,,
(ബി)	എൽ.ഡി.സി.	..	87 ,,
	എൽ.ഡി. ടൈപ്പിസ്റ്റ്	..	121 ,,
	പ്യൂൺ	..	61 ,,
	വാച്ച്മാൻ	..	94 ,,
	അൺസ്കിൽഡ് വർക്കർ	..	280 ,,
	ലാസ്കർ	..	57 ,,
	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I	..	25 ,,
	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II	..	151 ,,
	അസിസ്റ്റന്റ് എൻജീനിയർ	..	205 ,,
	ഓപ്പറേറ്റർ	..	100 ,,

(സി) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II-ലെ 34 പേർക്കും, ലാസ്കർ തസ്തികയിൽ 5 പേർക്കും ഒഴികെ ബാക്കിയുള്ള എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.

(ഡി) കോടതി വിധിയനുസരിച്ച് 36 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വാച്ച്മാൻ	..	8 എണ്ണം
പ്യൂൺ	..	6 ,,
അൺസ്കിൽഡ് വർക്കർ	..	18 ,,
ലാസ്കർ	..	4 ,,

(ഇ) വാട്ടർ അതോറിറ്റി ധവളപത്രം 16-4-2003-ൽ അംഗീകരിച്ചിട്ടുണ്ട്

(എഫ്) 1050 സ്കീമുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

(ജി) 163 സ്കീമുകൾ ഔദ്യോഗികമായി കൈമാറിയിട്ടുണ്ട്.

(എച്ച്) പ്രസ്തുത സ്കീമുകളിലെ ജീവനക്കാരെ വാട്ടർ അതോറിറ്റി നിലനിർത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly